


TUESDAY 27/05/2025 ചൊവ്വാഴ്ച


# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


## FARM INFORMATION BUREAU

**Agriculture Development & Farmer's Welfare Department**

**Government of Kerala**

**Chief Editor:** Haripriya Devi VV (I/C)

**Editor:** Dr. Binu Harriet Ivan



Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 26/05/2025

1. സംസ്ഥാനത്ത് നിലവിലെ കനത്ത മഴ മൂലം കാർഷിക വിളകൾക്കുണ്ടാകുന്ന നാശനഷ്ടം വിലയിരുത്തുന്നതിനും, അതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നതിനുമായി എല്ലാ ജില്ലകളിലും കൺട്രോൾ റൂമുകൾ തുറന്നിട്ടുണ്ട്. ജില്ലകളിലെ കണ്ട്രോൾ റൂമുകളുടെ നമ്പറുകൾ ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| തിരുവനന്തപുരം | 9447242977, | 9383470086 |
| കൊല്ലം | 9447349503, | 9383470318 |
| പത്തനംതിട്ട | 9446041039, | 9383470499 |
| ആലപ്പുഴ | 7994062552, | 9383470561 |
| കോട്ടയം | 9447659566, | 9383470704 |
| ഇടുക്കി | 9847686234, | 9383470821 |
| എറണാകുളം | 9497678634, | 9383471150 |
| തൃശൂർ | 9446549273, | 9383473242 |
| പാലക്കാട് | 9447364599, | 9383471457 |
| മലപ്പുറം | 9447227231, | 9383471618 |
| കോഴിക്കോട് | 9656495737, | 9383471779 |
| വയനാട് | 9495012353, | 9383471912 |
| കണ്ണൂർ | 9447372315, | 9383472028 |
| കാസർഗോഡ് | 9447289615 | ,9383471961 |
| ഡയറക്ടറേറ്റ് | 9496267883, | 9383470057 |

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

2. കേരള കാർഷിക സർവകലാശാലയുടെ കീഴിലുള്ള വെള്ളാനിക്കര കാർഷിക കോളേജിലെ പുഷ്പ-കൃഷി വിഭാഗത്തിൽ ഓണവിപണി ലക്ഷ്യമാക്കി ചെണ്ടുമല്ലി (ഹൈബ്രിഡ്), വാടാർമല്ലി എന്നിവയുടെ തൈകൾ ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്യുന്നുണ്ട്. താല്പര്യമുള്ളവർ 05/06/2025 ന് മുന്പായി 8547254010, 9544328816 എന്ന നമ്പറിൽ (9 മണിക്കും 4 മണിക്കും ഇടയിൽ) ബന്ധപ്പെടുക.

3. വെള്ളാനിക്കര കേരള കാർഷികസർവകലാശാലയുടെ കീഴിലുള്ള വനശാസ്ത്ര കോളേജിൽ വൃക്ഷത്തൈ നേഴ്സറിയിൽ നല്ലയിനം മട്ടി (പൊങ്ങല്യം, തീപ്പെട്ടി മരം, പെരുമരം) തൈകൾ വിൽപ്പനക്ക് തയ്യാറായിട്ടുണ്ട്. ഓർഡർ പ്രകാരം അയച്ച് കൊടുക്കുന്ന സംവിധാനം നിലവിൽ ഇല്ലാത്തതിനാൽ നേഴ്സറിയിൽ എത്തി നേരിട്ടോ, ക്യൂ-ആർ കോഡ് സ്കാൻ വഴിയോ പണമടച്ച് വാങ്ങാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് 8547734401 & 9847602333 നമ്പറിൽ (10 മണിക്കും 4 മണിക്കും ഇടയിൽ) ബന്ധപ്പെടുക.

4. മണ്ണുത്തി കാർഷിക ഗവേഷണ കേന്ദ്രത്തിൽ വെച്ച് മെയ് 27, 28, 29 തിയ്യതികളിൽ കേരള കാർഷിക സർവ്വകലാശാല, ഒല്ലൂക്കര ബ്ലോക്ക് പഞ്ചായത്ത്, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഒല്ലൂർ കൃഷി സമൃദ്ധി, അസോസിയേഷൻ ഓഫ് ഹോർട്ടിക്കൾച്ചർ പ്രൊഫഷണൽസ് എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ ചക്ക മേള സംഘടിപ്പിക്കുന്നു. പരിപാടിയുടെ ഉദ്ഘാടനം മെയ് 27, ഉച്ചയ്ക്ക് 3.30 ന് റവന്യൂ-ഭവന നിർമ്മാണ വകുപ്പ് മന്ത്രി അഡ്വ. കെ. രാജൻ നിർവ്വഹിക്കുന്നതാണ്. മൂന്നു ദിവസങ്ങളിലായി നടക്കുന്ന സെമിനാറിൽ ചക്കയുടെ സാധ്യതകൾ, വൈവിധ്യം, സംസ്കരണം, ഉപയോഗം, വിപണനം എന്നീ വിഷയങ്ങളെ അധികരിച്ച് വിദഗ്ദ്ധർ ക്ലാസുകൾ എടുക്കും. ചക്കയുടെ ചുള, കുരു, ഇഞ്ഞിൽ, ചവിണി, മടൽ എന്നിവയെ അടിസ്ഥാനമാക്കിയുള്ള നൂറിലധികം ഉൽപ്പന്നങ്ങൾ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

വിവിധ സ്റ്റാളുകളിലായി പ്രദർശിപ്പിക്കുന്നുണ്ട്. ഇതിനോട് അനുബന്ധിച്ച് ഉൽപ്പന്ന നിർമ്മാണ മത്സരം, ലൈവ് ഫുഡ് കോർട്ട് എന്നിവയും സംഘടിപ്പിക്കുന്നുണ്ട്. മേളയുടെ പ്രധാന ആകർഷണം കാർഷിക ഗവേഷണ കേന്ദ്രം സംരക്ഷിച്ചു പോരുന്ന 200 ഓളം ജനിതക വൈവിധ്യമാർന്ന ഇനങ്ങൾ പൊതുജനങ്ങൾക്ക് കാണാനുള്ള അവസരം ഒരുക്കുന്നു എന്നതാണ്. കൂടാതെ അത്ര തന്നെ ഇനങ്ങളുടെ ഫലപ്രദർശനവും രുചി അറിയാനുള്ള അവസരവും മേളയിൽ ഒരുക്കിയിട്ടുണ്ട്. കായിക പ്രവർദ്ധന രീതിയിൽ പരിശീലനം ആവശ്യമായവർക്ക് ചെയ്തു മനസ്സിലാക്കുവാൻ ഒരു പ്രത്യേക ഇടം തന്നെ ഈ മേളയിൽ ഒരുക്കിയിട്ടുണ്ട്. മേളയുടെ രണ്ടാം ദിവസവും, മൂന്നാം ദിവസവും ഉൽപ്പന്ന നിർമ്മാണ പ്രായോഗിക പരിശീലന പരിപാടി സംഘടിപ്പിക്കുന്നുണ്ട്. പരിശീലന പരിപാടിയിൽ പങ്കെടുക്കാൻ താല്പര്യമുള്ളവർ **7907805265** എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടേണ്ടതാണ്.

5. കോട്ടയത്തുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.എെ.ആർ.റ്റി.) റബ്ബറിന്റെ നടീൽവസ്തുക്കളുടെ ഉത്പാദനം, വിവിധ റബ്ബറിനങ്ങളുടെ പ്രത്യേകതകൾ എന്നിവയിൽ 2025 മെയ് 29-ന് രാവിലെ 10.30 മുതൽ ഉച്ചകഴിഞ്ഞ് 12.30 വരെ ഓൺലൈൻ പരിശീലനം നടത്തുന്നു. പരിശീലനമാധ്യമം മലയാളം ആയിരിക്കും. പരിശീലനം സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് 9495928077 എന്ന ഫോൺ നമ്പരിലോ 04812351313 എന്ന വാട്ട്സ്ആപ്പ് നമ്പരിലോ training@rubberboard.org.in എന്ന ഇ-മെയിൽ വിലാസത്തിലോ ബന്ധപ്പെടാവുന്നതാണ്.